# Malayala Manorama

## 28 August 2018

## Kakkanad, After Flood, Flood Victims, Financial Assistance



# പ്രളയം: 10,000 രൂപ ധനസഹായവിതരണത്തിന് നടപടി തുടങ്ങിയതായി മന്ത്രി മൊയ്തീൻ

■ ജില്ലയിൽ എഴുന്നൂറിലേറെ ബിഎൽഒമാർ വിവരശേഖരണം ആരംഭിച്ചു

ാക്കനാട് • പ്രളയബാധിതർ
ുള്ള സർക്കാരിന്റെ അടിയ
ര ധനസഹായം 10,000 രൂപ
ിതരണം ചെയ്യുന്നതിന് ഉടൻ
ടപടികൾ സ്വീകരിക്കുമെന്ന്
ന്ത്രി എ.സി. മൊയ്തീൻ. പ്രള
ബാധിത മേഖലകളിലെ ശുചീ
രണ പ്രവർത്തനങ്ങളടക്കമു
ള കാര്യങ്ങൾ വിലയിരുത്താനാ
ി കലക്ടറേറ്റ് കോൺഫറൻസ്
ാളിൽ ചേർന്ന അവലോകന
ോഗത്തിൽ പ്രസംഗിക്കുകയാ
ിരുന്നു അദ്ദേഹം.
ബൂത്ത് ലെവൽ ഓഫിസർമാർ
ബിഎൽഒ) വിവര ശേഖരണം
ആരംഭിച്ചു കഴിഞ്ഞു. ബിഎൽഒ
ർ ഓരോ വീട്ടിലുമെത്തി വിവ
ങ്ങൾ ശേഖരിക്കും. വാർഡ് അം
ഗമോ വില്ലേജ് ഓഫിസറോ സാ
ക്ഷ്യപ്പെടുത്തിയ ശേഷമായിരി
ും അന്തിമ പട്ടിക തയാറാക്കു
. ജില്ലയിൽ എഴുന്നൂറിലേറെ
ബിഎൽഒമാർ വിവര ശേഖരണം ആരംഭിച്ചതായി കലക്ടർ മുഹമ്മദ് സഫിറുല്ല അറിയിച്ചു.

### പുതിയ ക്യാംപുകൾ

സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ അവിടുത്തെ ക്യാംപുകൾ അടയ്ക്കേണ്ട സ്ഥിതിയാണെന്ന് മന്ത്രി പറഞ്ഞു. വീട് തകർന്ന് വാസയോഗ്യമല്ലാതായവർക്കായി പ്രത്യേക സ്ഥലം കണ്ടെത്തി ക്യാംപുകൾ തുറക്കും. തദ്ദേശ സ്ഥാപനങ്ങൾക്കാണ് പുതിയ ക്യാംപുകൾ സജ്ജമാക്കേണ്ടതിന്റെ ചുമതല. അർഹരായവരെ കണ്ടെത്തുന്നതിന് പഞ്ചായത്തും ഉദ്യോഗസ്ഥരും ഏകോപനത്തോടെ പ്രവർത്തിക്കണം. ഓരോ പഞ്ചായത്തിലെയും ബിഎൽഒമാരുടെ യോഗം വിളിച്ചു ചേർക്കാൻ പഞ്ചായത്ത് സെക്രട്ടറിമാരോട് മന്ത്രി നിർദേശിച്ചു. അതിനു ശേഷം വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയാറാക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാനും മന്ത്രി നിർദേശിച്ചു.

### ശുദ്ധജലലഭ്യത

പ്രളയബാധിത മേഖലകളിൽ ശുദ്ധജലലഭ്യത പരിശോധിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കുമെന്ന് മന്ത്രി അറിയിച്ചു. ജല അതോറിറ്റിയുടെ ആലുവ പ്ലാന്റിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കാൻ മന്ത്രി ഉത്തരവിട്ടു. പൊതുസ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം കണക്കാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. റവന്യു വകുപ്പ് അതു പരിശോധിക്കും.

### പാഠപുസ്തകം

വിദ്യാർഥികളുടെ പാഠപുസ്തക അച്ചടി പൂർത്തിയായിട്ടുണ്ട്. നോട്ട് ബുക്കുകളും പുസ്തകങ്ങളും ആവശ്യമായവരെ കണ്ടെത്തി വിതരണം ചെയ്യും. വഴിയിൽ വെള്ളം കയറി സ്കൂളിലേക്ക് പോകാൻ കഴിയാത്ത സാഹചര്യത്തിലുള്ള സ്കൂളുകൾക്ക് മാത്രം 31 വരെ അവധി നൽകാൻ കലക്ടറെ ചുമതലപ്പെടുത്തി.

### നഷ്ടപരിഹാരം

വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച പ്രധാന മാർക്കറ്റുകളുടെ കണക്കെടുപ്പ് ഉടൻ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കും. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയുമാണ് ലഭിക്കുക. ക്യാംപിൽ മരിച്ചവരുടെ കാര്യത്തിലും ക്യാംപിലേക്ക് എത്തുന്നതിനിടെ മരിച്ചവരുടെ കാര്യത്തിലും വസ്തുതകൾ മനസ്സിലാക്കി നടപടി സ്വീകരിക്കും. രക്ഷാദൗത്യത്തിനിടെ മരിച്ചവരുടെ കാര്യം ഗൗരവമായി പരിഗണിക്കും.

### രണ്ടാഴ്ച വരെ സമയം

ജില്ലയിലെ പ്രളയത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ പൂർണതോതിലുള്ള കണക്ക് തയാറാക്കുന്നതിന് രണ്ടാഴ്ച വരെ സമയമെടുക്കുമെന്ന് കലക്ടർ അറിയിച്ചു. അടിയന്തര ധനസഹായം ഉടൻ ലഭ്യമാക്കും. ജില്ലയിൽ വീടുകളുടെ ശുചീകരണം 75% പൂർത്തിയായി. പതിനായിരത്തിലധികം വൊളന്റിയർമാർ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു.

### മാലിന്യ സംസ്കരണം

മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ശേഖരണ സംവിധാനം ആരംഭിച്ചു. മൃഗങ്ങളുടെ ശവശരീരങ്ങൾ സംസ്കരിക്കുന്നത് ഏകദേശം പൂർത്തിയായി. 17,000 ശവശരീരങ്ങൾ സംസ്കരിച്ചു. ഇതിൽ പശു, എരുമ, പോത്ത് എന്നിവ 930 എണ്ണമാണ്. ശുചീകരണത്തിനാവശ്യമായ 49 പമ്പ് സെറ്റുകൾ വിതരണം ചെയ്തു. ഒരു ലക്ഷത്തിലധികം ഗ്ലൗസുകളും ബ്ലീച്ചിങ് പൗഡറും പഞ്ചായത്തുകൾക്ക് നൽകി. റെഡ് സോണായി പ്രഖ്യാപിച്ച 22 പഞ്ചായത്തുകളിലാണ് ശുചീകരണം ഊർജിതമായി നടപ്പാക്കിയത്.

### വൈദ്യുതി വിതരണം

വൈദ്യുത ലൈനുകൾ പൂർണമായി ചാർജ് ചെയ്തു. വീടുകളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വീടുകളിൽ പരിശോധന നടത്തിവരികയാണ്. 55% പരിശോധന പൂർത്തിയായി.

### പങ്കെടുത്തവർ

കെ.വി. തോമസ് എംപി, എംഎൽഎമാരായ എൽദോ ഏബ്രഹാം, പി.ടി. തോമസ്, ജോൺ ഫെർണാണ്ടസ്, അൻവർ സാദത്ത്, വി.ഡി. സതീശൻ, ഹൈബി ഈഡൻ, അനൂപ് ജേക്കബ്, എസ്. ശർമ, വി.കെ. ഇബ്രാഹിം കുഞ്ഞ്, വി.പി. സജീന്ദ്രൻ, റോജി എം. ജോൺ, നേവി ഉദ്യോഗസ്ഥൻ കമാൻഡർ അരുൾ ബി. സതീഷ്, തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ, വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.